

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/12/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് കൊല്ലം ജില്ലയിലെ ചടയമംഗലം, ഇരവിപുരം, ചാത്തന്നൂർ എന്നിവിടങ്ങളിലും തിരുവനന്തപുരം ജില്ലയിലെ വർക്കല എന്നീ മണ്ഡലങ്ങളിലും സംഘടിപ്പിക്കുന്നു.

2. കേരള കാർഷിക സർവ്വകലാശാലയും, കൃഷി വകുപ്പും ചേർന്നൊരുക്കുന്ന "പൂപ്പൊലി 2024" 2024 ജനുവരി 1 ന് വയനാട് ജില്ലയിൽ തുടക്കം കുറിക്കുന്നു. വൈവിധ്യമാർന്ന അലങ്കാരവർണ്ണ പുഷ്പങ്ങളുടെ പ്രദർശനമാണ് ഈ മേളയുടെ പ്രധാന ആകർഷണം. ഇതോടൊപ്പം തന്നെ കാർഷിക മേഖലയുടെ പ്രാധാന്യം വിളിച്ചോതുന്നതും, നൂതന സാങ്കേതിക വിദ്യകളിലൂടെ വികസിപ്പിച്ചെടുത്ത വിത്തുകളുടെയും സസ്യങ്ങളുടെയും പ്രദർശനവും, വിപണനവും ഇതിന്റെ ഭാഗമായി നടത്തപ്പെടുന്നു.കാർഷിക മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ, അവയുടെ പരിഹാര മാർഗ്ഗങ്ങൾ, കാർഷിക മേഖലയിലെ പുത്തൻ സാങ്കേതിക വിദ്യകൾ എന്നിവയെക്കുറിച്ച് വിദഗ്ധരുടെ നേതൃത്വത്തിലുള്ള സെമിനാറുകളും കർഷകർക്കായി സംഘടിപ്പിക്കുന്നുണ്ട്. വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെയും കർഷകർ, മറ്റ് വിശിഷ്ട വ്യക്തികൾ എന്നിവരുടേതുമടക്കം നിരവധി സ്റ്റാളുകളും സന്ദർശകർക്കായി ഒരുക്കുന്നു. എല്ലാ സായാഹ്നങ്ങളിലും കലാവിരുന്നുകളും പുഷ്പമേളയുടെ ഭാഗമായി നടത്തപ്പെടും.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കേരള അഗ്രോ ഇൻഡസ്ട്രിസ് കോർപ്പറേഷന്റെ കിഴക്കേക്കോട്ടയിലുള്ള അഗ്രോ സൂപ്പർ ബസാറിൽ കാർഷിക ഉത്പന്നങ്ങളും,. കാർഷികയന്ത്രങ്ങളും സ്റ്റോക്ക് ക്ലിയറൻസിന്റെ ഭാഗമായി വമ്പിച്ച വിലക്കുറവിൽ വിറ്റഴിക്കുന്നു. ഇന്നു (ഡിസംബർ 20) മുതൽ മെഗാ ഡിസ്കൗണ്ട് മേള ആഗ്രോ സൂപ്പർ ബസാറിൽ ആരംഭിക്കുന്നു. 70% വരെ വിലക്കുറവിൽ കാർഷിക ഉപകരണങ്ങൾ വാങ്ങാവുന്നതാണ്. ഈ അവസരം കർഷകർ പരമാവധി പ്രയോജനപ്പെടുത്തി കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും സ്വന്തമാക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9562941221, 9048920261 എന്നീ ഫോൺ നമ്പരുമായി ബന്ധപ്പെടുക.

4. വെള്ളാനിക്കര ഫലവർഗ്ഗ വിള ഗവേഷണ കേന്ദ്രത്തിൽ മാവ്, പ്ലാവ്,നാരകം തുടങ്ങിയ ഫല വൃക്ഷ തൈകളും കുരുമുളക്, കവുങ്ങ് തുടങ്ങിയ തൈകളും ജൈവവളങ്ങളും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ 0487-2373242, 8547760030 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

5. കാർഷിക സർവ്വകലാശാല ആരംഭിച്ച നൂതന കോഴ്സുകളുടെ ഭാഗമായി ഇ പഠന കേന്ദ്രം " ഹൈടെക് അഗ്രിക്കൾച്ചർ, ഐ ഒ ടി & ഡ്രോൺസ്" എന്ന വിഷയത്തിൽ 6 മാസത്തെ സർടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിക്കുന്നു. രാജിസ്ട്രഷൻ ഫീസ് 100 രൂപ, കോഴ്സ് ഫീസ് 35000 രൂപ. വിശദ വിവരങ്ങൾക്ക് 8547837256, 0487-2438567 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

6. എറണാകുളം കൃഷി വിജ്ഞാൻ കേന്ദ്രയും സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കൊച്ചിയിൽ വച്ച് ഡിസംബർ 28,29,30 തീയതികളിൽ 11 മണി മുതൽ 8 മണി വരെ ഒരു ചെറുധാന്യമത്സ്യമേള സംഘടിപ്പിക്കുന്നു. ചെറുധാന്യങ്ങളുടെ പോഷക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

മൂല്യആരോഗ്യഗുണങ്ങളെക്കുറിച്ചുള്ള ബോധവത്കരണമാണ് മേളയുടെ ലക്ഷ്യം. ഇതോടനുബന്ധിച്ച് ചെറുധാന്യമത്സ്യ ഭക്ഷ്യമേളയും ചെറുധാന്യമത്സ്യ വില്പനയും, ചെറുധാന്യങ്ങളുടെ പാചക മത്സരവും ഉണ്ടായിരിക്കുന്നുതാണ്.

**പരിശീലന പരിപാടി**

7. കേരള കാർഷികസർവകലാശാലയുടെ കീഴിലുള്ള തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ഇൻട്രക്ഷണൽ ഫാമിൽ നിന്നും 2024 ജനുവരി 8 മുതൽ 25 വരെയുള്ള 15 പ്രവർത്തി ദിവസങ്ങളിൽ **നഴ്സറി ടെക്നിക്സ്** എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പച്ചക്കറി, പഴവർഗ്ഗ, അലങ്കാരചെടികളിലെ ഉൽപ്പാദനം, ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലയറിംഗ്, കീടരോഗനിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയിൽ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും ലഭിക്കുന്നതാണ്. ഒരു ബാച്ചിൽ 20 പേർക്ക് അവസരം ലഭിക്കും. പരിശീലന ഫീസ് 2,000 രൂപ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 8077268538 എന്ന ഫോൺ നമ്പറിൽ സമയം 9 മുതൽ 4 വരെയുള്ള സമയങ്ങളിൽ വിളിക്കേണ്ടതാണ്.

8. വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷിക്കാം ആലപ്പുഴ ക്ഷീരകർഷക ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിദ്യാഭ്യാസ ധനസഹായ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്തെ വിവിധ ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കാണ് അർഹത. SSLC, PLUS TWO ബിരുദം പ്രൊഫഷണൽ ബിരുദം എന്നീ തലങ്ങളിൽ പഠിക്കുന്നവർ ആയിരിക്കണം. അപേക്ഷകർ 2022-23 അക്കാദമിക്ക് വർഷം പഠനം പൂർത്തീകരിച്ചതും 2023-24വർഷം യോഗ്യത സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവരുമായിരിക്കണം. പദ്ധതിയുടെ വിശദവിവരങ്ങളും

അപേക്ഷയും www.kdfwf.orgg വെബ്സൈറ്റിൽ ലഭിക്കും. വിശദ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസനയുണിറ്റ് ഓഫീസുകളുമായി ബന്ധപ്പെടുക. അപേക്ഷ ജനുവരി 15 വരെ സ്വീകരിക്കുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം